
# ഹരിത വിദ്യാലയം

## യാത്രാവിവരണം



Anjalina. S
IV. B
G.V.L.P.S
chittar.

# G.V.L.P.S. Chittur

# ഹരിതവിദ്യാലയം

## യാത്ര

- Anjalina.S

ഹരിതവിദ്യാലയം പരിപാടിയിൽ പങ്കെടുക്കാൻ ഞാനും കൂട്ടുകാരും തിരുവനന്തപുരത്തേക്ക് പോയി. 10 കുട്ടികളും 4 പാരൻസും 5 ടീച്ചർമാരും 1 പി.ടി.എ പ്രസിഡന്റുമാണ് യാത്രക്കുണ്ടായിരുന്നത്. പാലക്കാട് നിന്നും തൃശ്ശൂരുവരെ ഞങ്ങൾ ബസ്സിലാണ് പോയത്. ബസ്സ് കുതിരാൻ തുരങ്കത്തിന്റെ ഉള്ളിലൂടെയാണ് പോയത്. തൃശ്ശൂരിൽ നിന്നും കുറച്ച് ദൂരം സഞ്ചരിച്ച് ഞങ്ങൾ തൃശ്ശൂർ റെയിൽവെ സ്റ്റേഷനിലേക്ക് പോയി. സ്റ്റേഷനിൽ നിന്ന് ഒരു ചായ കുടിച്ച് ഞങ്ങൾ ട്രെയിനിൽ കയറി. ആലപ്പുഴ കഴിഞ്ഞപ്പോൾ കുറച്ച് വൈകി. ചിപ്സ്, ഓറഞ്ച് കടലമിഠായി, ബിംഗോ അങ്ങനെ സ്നാക്സ് ഞങ്ങൾ പങ്കിട്ടു കഴിച്ചു. ആലുവ പാലത്തിന് മുകളിലൂടെ പെരിയാർ മുറിച്ചു കടന്ന് ഞങ്ങൾ എറണാകുളത്തേക്ക് പ്രവേശിച്ചു.

ഞങ്ങൾ എറണാകുളം ജംഗ്ഷനിലാണ്. ട്രെയിനിൽ അതി
വേഗം പോയ്ക്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾ മനോഹരമായ
പുഴ കണ്ടു. കൊച്ചിയിലെ അതിമനോഹരമായ പുഴ കണ്ടു
ഒരു കായലിന്റെ മുകളിലൂടെ ഞങ്ങൾ വന്നു. എന്തൊരു
സുന്ദരമായ കാഴ്ചയാണ്! പിന്നെ കുറച്ച് സ്നാക്സ് കഴിച്ചു
വിശപ്പകറ്റി. പിന്നെ കുറച്ച് കളിച്ച് ചിരിച്ച് സമയം
പോയതേ അറിഞ്ഞില്ല. അതിന്റെ ഇടയിൽ കുറച്ച്
ഉറങ്ങുകയും കുറച്ച് മൊബൈൽ നോക്കുകയും ചെയ്തു.
ഞാനും ഹൈഫചേച്ചിയും കുറച്ച് കടങ്കഥയൊക്കെ
ചോദിച്ച് എല്ലാവരെയും കുഴപ്പിച്ചു. പിന്നെ കുറച്ച്
ബിംബോയും കഴിച്ചു. പിന്നെ അവിടെ പോയിട്ട് എന്തു
കഴിക്കണമെന്നു പോലും തീരുമാനിച്ചു. ഹൈഫ ചേച്ചി
കുറച്ച് ഫോട്ടോ അമ്മയ്ക്ക് കാണിച്ചു കൊടുത്തു.

ആലപ്പുഴയും കൊല്ലവും കഴിഞ്ഞ് ഞങ്ങൾ തിരുവനന്തപുരത്ത് എത്തി. അവിടന്ന് കുറച്ച് ദൂരം നടന്ന് ഞങ്ങൾ ഇന്ത്യൻ കോഫി ഹൗസിൽ എത്തി. എത്തിയതിനുശേഷം എല്ലാവരും കൈ വൃത്തിയായി കഴുകി. എല്ലാവരും ഓരോ ടേബിളിൽ ഇരുന്നു. ഭക്ഷണവും ചായയും കുടിച്ച് ഞങ്ങൾ ഓട്ടോ പിടിച്ച് അധ്യാപക ഭവനിലേക്ക് പോയി. റൂമെടുത്തതിനു ശേഷം എല്ലാവരും കുളിച്ച് ഫ്രഷ് ആയി കിടന്നു. കിടക്കുന്നതിന് മുൻപ് ചിരിച്ച് കളിച്ച് ഒരുങ്ങിയാണ് കിടന്നത്. കുറച്ച് കുട്ടികളുടെ അമ്മമാർ വന്നില്ലായിരുന്നു. ഞാൻ ഒറ്റക്കായിരുന്നു കിടന്നത്. എല്ലാവരും നേരത്തെ എണീക്കണമെന്ന് ടീച്ചർ പ്രത്യേകം ഓർമിപ്പിച്ചിരുന്നു.

രാവിലെ 5:00 മണിക്ക് എണീറ്റ് കുളിച്ച് ഫ്രഷ് ആയി എല്ലാവരും പത്മനാഭസ്വാമി ക്ഷേ ക്ഷേത്രത്തിൽ പോയി. പോകുന്നതിനു മുൻപ് ഒരു ചായ കുടിച്ചു. ആദ്യം ശേഷം. വിനായകന്റെ അമ്പലത്തിലാണ് ആദ്യം പോയത്. അവിടന്ന് കുറച്ച് ദൂരം സഞ്ചരിച്ച് ശ്രീ. പത്മനാഭസ്വാമി ക്ഷേത്രം. ലോകത്തിലെ തന്നെ സമ്പന്നമായ ക്ഷേത്രമാണ് ശ്രീ പത്മനാഭസ്വാമിക്ഷേത്രം ഞങ്ങൾ ഉള്ളിലേക്ക് വടക്കേ കവാടത്തിലൂടെയാണ്. ഞങ്ങളെ ചെക്ക് ചെയ്തിട്ടാണ് ഉള്ളിലേക്ക് വിട്ടത്. ഒന്നു കൂടി ചെക്ക് ചെയ്തു. ചെക്ക് ചെയ്ത് ഞങ്ങളെ വിട്ടു. ഞങ്ങൾ എല്ലാവരെയും ചുറ്റി കണ്ടു. ടിക്കറ്റ് കൗണ്ടറിൽ ചെന്ന് ടിക്കറ്റ് എടുത്തു. പിന്നെ ക്യൂ നിന്നു. ഞങ്ങൾ ക്യൂ നിന്നില്ല. ഞാനും ഫ്രണ്ട്സും കൂടി കുറെ നേരം കളിച്ചു. പിന്നെ ഞങ്ങൾ പ്രാർത്ഥിച്ചു. നല്ല തിരക്കുണ്ടായിരുന്നു. അമ്പലത്തിനു മുൻപിൽ ഒരു വലിയ കുളം ഉണ്ട്. നിറയെ മീനുമുണ്ട്. വലിയ മീനും ചെറിയ മീനും.

പിന്നെ ഓട്ടോ പിടിച്ച് ഞങ്ങൾ ആനന്ദ്ഭവൻ ഹോട്ടലിൽ എത്തി. മസാല റോസ്റ്റ് കഴിച്ചു. പിന്നെ റൂമിൽ പോയി യൂണിഫോം ഇട്ട് റിബ്ബൺ കെട്ടി റെഡിയായി. പിന്നെ ടീച്ചർമാർ കുറച്ച് കാര്യങ്ങൾ പറഞ്ഞു തന്നു. അതിനുശേഷം ചിത്രാഞ്ജലിയിലേക്ക് പോകാൻ ഇറങ്ങി. ഇറങ്ങുന്നതിന് മുൻപ് ഒരു ഫോട്ടോ എടുത്തു. രണ്ടു ബസ് കയറി സ്റ്റോപ്പിൽ ഇറങ്ങി. വെള്ളം കുടുച്ചതിനുശേഷം ഞങ്ങൾ ചിത്രാഞ്ജലിയിലേക്ക് നടന്നു. പ്രകൃതി രമണീയമായ കാഴ്ച. നടന്നു നടന്ന് ഞങ്ങൾ സ്റ്റുഡിയോയിൽ എത്തി. സ്റ്റുഡിയോയുടെ മുൻപിലായി വിശാലമായ തോട്ടമുണ്ട് ഒരു കൂൾ ബാറുമുണ്ട്. കണ്ടപ്പോൾത്തന്നെ സന്തോഷം അടക്കാനായില്ല. അവിടെ പോയി കുറച്ചുനേരം ഉഞ്ഞാലാടി. അപ്പോഴേക്കും ഒരു ഏട്ടൻ വന്നു. ഞങ്ങളിട്ട പേര് ശശി! പിന്നെയും കളിച്ചു. കളിച്ചതിനുശേഷം ഉച്ചഭക്ഷണം കഴിച്ചു. കുറച്ചു കഴിഞ്ഞ് ഒരാൾ വന്ന് മേക്കപ്പ് ചെയ്തുതന്നു. എല്ലാവർക്കും ഉറക്കം വരുന്നുണ്ടായിരുന്നു. ഒരു ചേച്ചിയും ഏട്ടനും വന്ന് കുറെ കാര്യങ്ങൾ പറഞ്ഞുതന്നു. പിന്നെ ഒരു മാമൻ വന്ന്

ഞങ്ങളെ ചിരിപ്പിച്ചു കളിപ്പിച്ചു നടത്തിപ്പിച്ചു.
ഒരു ഏട്ടൻ വന്നു കളിപ്പിച്ചു. എന്നെ റഫറിയാക്കി.
ഉറക്കം മാറ്റാനായി റോസ് വാട്ടർ അടിച്ചു. പിന്നെ
ഒരു ചേച്ചിയും ഏട്ടനും വന്ന് ഞങ്ങളെ സ്റ്റു-
ഡിയോയുടെ ഉള്ളിൽ കൊണ്ടുപോയി. നല്ല ഏസിയുടെ
തണുപ്പ്. സ്റ്റുഡിയോയിൽ കയറിപ്പോഴും മേക്കപ്പ് ചെയ്തു
തന്നു. ഞങ്ങളുടെ മുൻപിൽ നല്ല ഇരുട്ടായിരുന്നു.
ഞങ്ങൾക്ക് ഇരുട്ട് കണ്ടപ്പോൾ പേടിയായ്. നാല് ക്യാം-
ആസായിരുന്നു ഉണ്ടായിരുന്നത് 12 പേരാണ് ഉള്ളിലേക്ക് പോയത്
3 ടീച്ചർമാരും 1 പി.ടി.എ പ്രസിഡന്റുമായിരുന്നു ഉണ്ടായി-
യിരുന്നത്. മോഹൻദാസ് സർ പി.ടി.എ പ്രസിഡന്റ്, സുനിത
ടീച്ചർ എച്ച്.എം, സുപ്രഭ ടീച്ചർ, ഹേമാംബിക ടീച്ചർ.
ഞാൻ. വരദ, ദേവശ്രീ, ~~[illegible]~~, ശ്രേഷ്ഠിക, കീർത്തന, മയൂഖ, ശ്രേയാദാസ്
എന്നിവരായിരുന്നു. E cube, അമ്മയോടൊപ്പം, സ്കൂൾ വിക്കി
എന്നീ പ്രോഗ്രാം ചോദിച്ചു. തിരുവനന്തപുരത്തെ പറ്റി ചോദിച്ചു-
ആദ്യത്തെ പ്രാവശ്യമായതിനാൽ ഞങ്ങൾ ചെറിയ പേടി.
എന്നാലും ഞങ്ങൾ ഉത്തരം പറഞ്ഞു. ദേവശ്രീ

മനോഹരമായ കവിത പാടി. എല്ലാവരും ചേർന്ന് സംഘഗാന
പാടി. കണ്യാർക്കളിയെക്കുറിച്ചും പൊറാട്ടുനാടകത്തെ കുറിച്ചും
ചോദിച്ചു. സുപ്രഭ ടീച്ചർ പൊറാട്ടുനാടകപ്പാട്ടു പാടി. അങ്ങനെ
ചോദ്യം ചോദിച്ചു ഉത്തരം പറഞ്ഞു. പാട്ടുപാടി കവിത
ചൊല്ലി. നല്ല അനുഭവമായിരുന്നു ഈ ഹരിതവിദ്യാലയം.
റിയാലിറ്റിഷോ. ഞങ്ങൾക്കെല്ലാവർക്കും പേടിയുണ്ടായിരുന്നു.
റിയാലിറ്റിഷോ കഴിഞ്ഞപ്പോൾ പേടിമാറി. കാരണം സുപ്രഭ
ടീച്ചർ പറഞ്ഞു ഐസ്ക്രീം വാങ്ങിത്തരാം എന്ന്. പക്ഷെ
സമയം വൈകിയതിനാൽ വാങ്ങാൻ പറ്റിയില്ല. മൃഗശാലയിൽ
കൊണ്ടുപോകാം എന്നു പറഞ്ഞു. സമയം വൈകിയതിനാൽ
അതും പറ്റിയില്ല. ~~ചാ~~ അതുകൊണ്ട് ചായയും പഴംപൊരി
യും കഴിച്ചു. പിന്നെ കാറിൽ കയറി ബസ് സ്റ്റേഷനിൽ
ഇറക്കി. പിന്നെ ~~ക~~ രണ്ടു ബസ് കയറി സ്റ്റോപ്പിൽ ഇറങ്ങി.
അവിടെ നിന്ന് കുറച്ച് ദൂരം നടന്ന് ഞങ്ങൾ അധ്യാപക ഭവനിൽ
എത്തി. കുളിച്ച് ഫ്രഷ് ആയി പായ്ക്ക് ചെയ്ത് നടന്ന്
ആനന്ദ ഭവൻ ഹോട്ടലിൽ എത്തി. രാത്രി ഭക്ഷണവും ജ്യൂസും

ചായയും കുടിച്ച് ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ എത്തി. തിരുവനന്തപുരത്തേക്ക് വന്നപ്പോൾ ജനശതാബ്ദിയിലായിരുന്നു. പോകുന്നത് അമൃത എക്സ്പ്രസ്സിലും. എങ്കിലും ഒരോ ബോഗിയിലായിരുന്നു സീറ്റ് കിട്ടിയത്. ഞാനും അമ്മയും എന്റെ രണ്ട് ഫ്രെണ്ട്സും അവരുടെ അമ്മമാരുമായിരുന്നു ഉണ്ടായിരുന്നത്. എല്ലാവരും ഉറങ്ങി 3:00 മണിക്ക് എല്ലാവരും എണീറ്റു. പാലക്കാട് സ്റ്റേഷനിൽ ഇറങ്ങി ഡെൽഫിയുടെ അച്ഛന്റെ കാറിൽ കയറി അണിക്കോട് എത്തി. അപ്പോഴേക്കും അച്ഛൻ വന്നു. വണ്ടിയിൽ കയറി ഞങ്ങൾ വീട്ടിൽ പോയി സുഖമായി ഉറങ്ങി. ഇത് നല്ല ~~അനുഭ~~ അനുഭവമായിരുന്നു.

Anjalina. S
GVLPS Chittur